**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1012** **12-06-2024 - ൽ മറുപടിയ്ക്ക്**

**പുളിക്കൽ കക്കംവെള്ളി പുഴയുടെ സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ പുളിക്കൽ കക്കംവെള്ളി പുഴയുടെ സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കുവാൻ സി.ഇ. (ഐ&എ)6365/വി.ഐ.പി.-എം(ഡബ്ല്യു.ആർ.)2021 നമ്പർ ഫയൽ പ്രകാരം നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | രൂക്ഷമായി കരയിടിച്ചിൽ സംഭവിച്ച നാദാപുരം പഞ്ചായത്തിലെ തയ്യിൽതാഴെ കക്കം വള്ളി തോടിന്റെ ഇരുകരകൾക്കും 4.50 കി.മീ നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ഏകദേശം 20 കോടി രൂപ ചെലവുവരുന്നതാണ്. പുളിക്കൽ കക്കംവെള്ളി പുഴയുടെ ഇടിഞ്ഞുപോയ ഏറ്റവും അത്യാവശ്യമുള്ള ഭാഗങ്ങൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തി 2023-24 ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചെങ്കിലും ബഡ്ജറ്റിൽ ഉൾപ്പെട്ടിരുന്നില്ല. തുടർന്ന് 2024-25 ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ വേണ്ടി 15 കോടി രൂപയുടെ പ്രൊപ്പോസൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് ലഭ്യമായെങ്കിലും 2024-2025 ലെ ബഡ്ജറ്റിൽ പ്രവൃത്തി ഉൾപ്പെട്ടിരുന്നില്ല. ടി പ്രവൃത്തി അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | മറുപടി എ പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ